ബുധനൂർ	2
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി	3
പാണ്ടനാട്	3
പുലിയൂർ	2
തിരുവൻമണ്ടൂർ	5
ആകെ	31 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കോട്ടക്കുന്ന് ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതിക്ക് വേണ്ടി നിവേദനം

122 (290) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കുന്ന് ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതി ലഭിക്കുന്നതിന് വർക്കിംഗ് കമ്മറ്റിയുടെ അനുമതി ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള കോട്ടക്കുന്ന് ഐ.എച്ച്.ഡി.പി. കോളനി കൺവീനറുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം 17-1-2000-ൽ ലഭിച്ചിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുവാനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.

കോട്ടൂർ, തുരുത്തുമല ഹരിജൻ കോളനിയിലെ കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കണമെന്ന ആവശ്യം

123 (291) ശ്രീമതി എൻ. കെ.രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാംപ്ര നിയോജക മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിലെ തുരുത്തുമല ഹരിജൻ കോളനിയിലെ 40-ഓളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള റ്റി.എം.ബാലൻ എന്ന ആളിന്റെ നിവേദനം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടോ :

(ബി) ലഭിച്ചെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?